**012/22**

Total Number of Questions : 21

Time : 2.00 Hours

Max. Marks : 100

1. കേരളപാണിനീയത്തിൽ വർണങ്ങൾക്ക് ശ്രുതിഭേദം വരുന്നതിന് പല കാരണങ്ങൾ പറയുന്നുണ്ട്. അതിലൊന്നാണ് മാർഗ്ഗഭേദം. കേരളപാണിനി മാർഗ്ഗഭേദത്തെ വിശദീകരിക്കുന്നത് എപ്രകാരമാണ് ? **(3 Marks)**

2. മലയാളത്തിലെ സമീപകാലഗദ്യാഖ്യാനങ്ങളിൽ സവിശേഷപഠനം അർഹിക്കുന്നവയാണ് അനുഭവാഖ്യാനങ്ങൾ. അനുഭവാഖ്യാനങ്ങളുടെ കൂട്ടത്തിൽ 'കേട്ടെഴുത്ത്' എന്ന വിഭാഗത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ് ? **(3 Marks)**

3. 'സൂക്ഷ്മമായ അർത്ഥത്തിൽ വൃത്തം ഇതിവൃത്തത്തോട് ബന്ധപ്പെട്ടിരിക്കുന്നു' – ഈ നിരീക്ഷണം എത്രത്തോളം പ്രസക്തമാണ് ? **(3 Marks)**

4. കവി, കാവ്യം, സഹൃദയൻ എന്നിവ ഭാരതീയ സാഹിത്യ സിദ്ധാന്തങ്ങളുടെ അടിസ്ഥാന സങ്കല്പമാണ്. പ്രാചീനാചാര്യന്മാരുടെ വ്യാഖ്യാനമനുസരിച്ച് സഹൃദയനെപ്പറ്റി ഒരു ലഘുകുറിപ്പ് തയ്യാറാക്കുക. **(3 Marks)**

5. 'ഫോക്‌ലോർ നശിക്കുകയല്ല, പരിണമിക്കുകയാണ് ചെയ്യുന്നത്' – ഈ ആശയം വ്യക്തമാക്കുക. **(3 Marks)**

6. ഇന്ത്യൻ സിനിമയുടെ വികാസചരിത്രത്തിൽ സത്യജിത്‌റേയുടെ പങ്കിനെപ്പറ്റി കുറിപ്പെഴുതുക. **(3 Marks)**

7. അറിവുകളുടെയും സംസ്കാരങ്ങളുടെയും കൈമാറ്റം എന്ന നിലയിൽ വിവർത്തനത്തിന് പല വ്യവഹാരങ്ങളിലും പ്രാധാന്യമുണ്ട്. അതോടൊപ്പം തന്നെ വിവർത്തനത്തിന്റെ പരിമിതികളും പരാമർശിക്കാറുണ്ട്. സാഹിത്യ വിവർത്തനത്തിൽ വിവർത്തകർ നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണ് ? **(3 Marks)**

8. സമ്പന്നവും ബഹുസ്വരവുമായ ദൃശ്യകലാപാരമ്പര്യം കേരളത്തിനുണ്ട്. ഈ പാരമ്പര്യത്തിൽ പെടുന്നതാണ് വെള്ളരിനാടകങ്ങൾ. എന്താണ് വെള്ളരിനാടകങ്ങൾ എന്ന് വിശദമാക്കുക. **(3 Marks)**

9. ആൺ ചരിത്രങ്ങളുടേതാണ് സാഹിത്യം എന്ന സാമാന്യധാരണയെ തിരുത്തുന്ന വിധം സ്ത്രീരചനകൾ കൊണ്ട് സമ്പന്നമാണ് മലയാള നോവലിന്റെ വർത്തമാന കാലഘട്ടം. ഈ നിരീക്ഷണത്തോട് യോജിക്കുന്ന പ്രതികരണം തയ്യാറാക്കുക. **(5 Marks)**

10. മണിപ്രവാളത്തിൽ ചോളഭാഷയുണ്ട് എന്ന പൂർവ്വപക്ഷവാദത്തെ ലീലാതിലകകാരൻ ഖണ്ഡിക്കുന്നതെങ്ങനെ ? **(5 Marks)**

11. കേരളം കണ്ട ആത്മീയാചാര്യന്മാരിൽ വ്യത്യസ്തത പുലർത്തിയ ആളായിരുന്നു ശ്രീനാരായണ ഗുരു. ഗുരുവിന്റെ ദർശനങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെയാണ് ? **(5 Marks)**

12. വൈദേശികമായ സാഹിത്യഭാവുകത്വങ്ങൾ മലയാളഭാവനയെ വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്. അവയിൽ ഒന്നാണ് മാജിക്കൽ റിയലിസം. മാജിക്കൽ റിയലിസത്തെ പരിചയപ്പെടുത്തുന്ന വിധത്തിൽ ഒരു കുറിപ്പ് തയ്യാറാക്കുക. **(5 Marks)**

13. മലയാള നിരൂപണരംഗത്ത് ആധുനിക കവിത്രയം നല്കിയ സംഭാവനകളെ എങ്ങനെ സംഗ്രഹിക്കാം ? **(5 Marks)**

14. അറിവിന്റെ വിനിമയം നിർവ്വഹിക്കുന്നതിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. അതോടൊപ്പം ജനസമ്മിതി രൂപീകരിക്കുന്ന കാര്യത്തിലും മാധ്യമങ്ങളുടെ സ്വാധീനം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ടെലിവിഷൻ എന്ന മാധ്യമത്തെ മുൻനിർത്തി ജനസമ്മിതി രൂപീകരണത്തെപ്പറ്റി നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക. **(5 Marks)**

15. ബൗദ്ധിക വികസനവും ഭാഷാസമാർജ്ജനവും തമ്മിലുള്ള ബന്ധം വിശദമാക്കി ഭാഷാ ബോധനത്തിൽ അനുവർത്തിക്കാവുന്ന വ്യത്യസ്ത പഠനസിദ്ധാന്തങ്ങൾ വിശദ മാക്കുക. **(5 Marks)**

16. വൈവിദ്ധ്യാത്മക പഠന (Differentiated learning) ത്തിന്റെ പ്രസക്തി വിശദമാക്കി ഭാഷാ ക്ലാസ്സുമുറികളിൽ വൈവിദ്ധ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ബോധനം നിർവ്വഹിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക. **(5 Marks)**

17. ഭാഷാപഠനത്തിൽ ഇ-ലേണിംഗിന്റെ (e-learning) സാദ്ധ്യതകൾ വ്യക്തമാക്കി ബോധനത്തിലും മൂല്യനിർണ്ണയത്തിലും സാങ്കേതിക വിദ്യാധിഷ്ഠിതമായ വിഭവസ്രോതസ്സുകൾ (digital resources) ഉപയോഗിക്കുന്നതെങ്ങനെയെന്നു ചർച്ച ചെയ്യുക. **(5 Marks)**

18. ഭാഷാദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരമുയർത്തുവാൻ ഉപയോഗപ്പെടുത്താവുന്ന വ്യത്യസ്ത പരിശീലന തന്ത്രങ്ങളും അദ്ധ്യാപക ശാക്തീകരണത്തിൽ അവയുടെ സാദ്ധ്യതകളും വിശദീകരിക്കുക. **(5 Marks)**

19. ആധുനികഭാഷാശാസ്ത്രചിന്തകളിൽ ചോംസ്കിയൻ സിദ്ധാന്തങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. വാക്യവിജ്ഞാനവുമായി ബന്ധപ്പെട്ട് ചോംസ്കിയൻ ആശയങ്ങൾ എന്തൊക്കെയാണെന്ന് ക്രോഡീകരിക്കുക. **(8 Marks)**

20. മലയാളത്തിലെ പുതു കവിതകൾ ആഖ്യാനം കൊണ്ടും ഭാവുകത്വ നിർമ്മിതി കൊണ്ടും നിരന്തരം പുതുക്കപ്പെടുന്നുണ്ട്. പുതിയ കവിതകളുടെ ചർച്ചയിൽ എടുത്തു പറയേണ്ടവയാണ് സൈബർ കവിതകൾ. മലയാളത്തിലെ സൈബർ കവിത, അവയുടെ സാധ്യത, സ്വാധീനം എന്നിവയെ കേന്ദ്രീകരിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. **(8 Marks)**

21. മലയാള ഭാഷാപഠനത്തിന്റെ ഉദ്ദേശ്യപൂർത്തീകരണത്തിനായി സ്വീകരിക്കാവുന്ന വ്യത്യസ്ത ബോധന തന്ത്രങ്ങൾ, സമീപനങ്ങൾ എന്നിവ വ്യക്തമാക്കുകയും നിലവിലിരിക്കുന്ന ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ ഭാഷാ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി അവയുടെ പ്രായോഗികത വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുക. **(10 Marks)**

---